റബ്കോയുടെ വാഹനം ദുർവിനിയോഗം ചെയ്യുന്നതു തടയാൻ നടപടി

162 [3688] *ശ്രീ. ജോർജ് ജെ. മാത്യു:*
,, *എ. കെ. മണി:*
,, *ഡി. സുഗതൻ:*
പ്രൊഫ. കെ. വി തോമസ് :

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്കോയുടെ വാഹനം അതിന്റെ വൈസ്പ്രസിഡന്റിന്റെ ഉപയോഗത്തിന് അനുവദിച്ചിട്ടുണ്ടോ;

(ബി) റബ്കോ വൈസ് പ്രസിഡന്റ് അതിന്റെ വാഹനം സ്വകാര്യ ആവശ്യത്തിനും അദ്ദേഹത്തിന്റെ രാഷ്ട്രീയ കക്ഷിയുടെ ആവശ്യത്തിനും ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇല്ലെങ്കിൽ അതേപ്പറ്റി അന്വേഷിക്കുമോ;

(സി) റബ്കോയുടെ വാഹനം അതിന്റെ വൈസ്പ്രസിഡന്റ് ദുർവിനിയോഗം ചെയ്യുന്നത് സംബന്ധിച്ച് എന്ത് നടപടിയെടുക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ), (ബി) & (സി) റബ്കോയ്ക്ക് നിലവിൽ വൈസ് പ്രസിഡന്റ് ഇല്ല.

മലനാട് കാർഷിക മാർക്കറ്റിംഗ് സൊസൈറ്റി

163 [3689] *ശ്രീ. സി. മോയിൻകുട്ടി* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന മലനാട് കാർഷിക മാർക്കറ്റിംഗ് സൊസൈറ്റി കർഷകർക്ക് ഏറെഗുണകരമായി പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെമ്പർമാർക്കിടയിൽ മിതവ്യയം വളർത്തുന്നതിനും ചുരുങ്ങിയ തോതിൽ വായ്പകൾ ലഭ്യമാക്കുന്നതിനും വേണ്ടി മെമ്പേഴ്സ് മ്യൂച്ചൽ ബെനിഫിറ്റ് സ്കീം ആരംഭിക്കുന്നതിന് നിയമാവലി ഭേദഗതി ചെയ്യാൻ സംഘം പൊതുയോഗം തീരുമാനിച്ചതിന് സഹകരണ സംഘം രജിസ്ട്രാർ അനുമതി നൽകുകയുണ്ടായോ;

(സി) ഇല്ലെങ്കിൽ ആയതിന് കാരണം വ്യക്തമാക്കാമോ;

(ഡി) നിയമാവലി ഭേദഗതിക്ക് അനുമതി നൽകാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly